കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്


## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

Email: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം.മിസ്.1/1065/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം – 695 001.

Phone No: 0471-2331231

Email: lfadtvm@yahoo.in
തീയതി: 28.12.2020

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,

തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിൽ.

സർ,

വിഷയം : തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

*****

തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2. ഓഫീസ് കോപ്പി.

കെ.എസ്.എ.റ്റി.വി.എം.മിസ്.1/1065/2020 തീയതി: 28.12.2020

# <u>തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടവും 2000ലെ കേരള സ്പോർട്സ് ആക്ട് വകുപ്പ് 38 , 2008 ലെ കേരള സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ ചട്ടം 39(2) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**************

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.മുഹമ്മദ് നിസാർ.എ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിധേയമാക്കിയ കണക്കുകളുടെ വിവരം | തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷങ്ങളിലെ വരവ് -ചെലവ് കണക്കുകൾ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2020 മുതൽ 28.09.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീമതി.ലതാകുമാരി.എം,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. അനിൽകുമാർ.ആർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. ജസ്റ്റിൻരാജ്.റ്റി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |

<u>നിർവ്വഹണാധികാരികളുടെ പേര് വിവരം</u>

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.ഡി.മോഹനൻ<br>(01-04-2017 മുതൽ 31-03-2018വരെ) |
| സെക്രട്ടറി | ശ്രീമതി.എച്ച്.ഹാജിറ<br>(01-04-2017മുതൽ 17-07-2017 വരെ) |
| | ശ്രീമതി.പി.വിജയലക്ഷ്മി<br>(18-07-2017 മുതൽ 31-03-2018 വരെ) |

## <u>ഭാഗം -1</u>

## <u>പൊതു അവലോകനം</u>

### 1-1 ആമുഖം

2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം 01-11-2008-ൽ ആണ് തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിൽ നിലവിൽ വന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, പൊതുമരാമത്ത് വകുപ്പിലെ എക്സി.എഞ്ചിനീയർ (ബിൽഡിംഗ്സ് ആന്റ് റോഡ്സ്), കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോർപ്പറേഷൻ മേയർ, സ്പോർട്സ് കൗൺസിൽ സെക്രട്ടറി, പബ്ലിക് റിലേഷൻസ് വകുപ്പിലെ ജില്ല ഓഫീസർ എന്നിവർ എക്സ്.ഒഫിഷ്യോ അംഗങ്ങളും 5 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും 9 നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും ഉൾപ്പെട്ടതാണ് ജില്ല സ്പോർട്സ് കൗൺസിൽ. 31-10-2013 ന ശേഷം, സ.ഉ(സാധാ)നം.169/2017/ കാ.യു.വ.തിയതി.15.09.17 പ്രകാരം 9 എക്സ് ഒഫിഷ്യോ അംഗങ്ങളെയും, സർക്കാർ/കളക്ടർ നാമനിർദ്ദേശം ചെയ്ത അംഗങ്ങളെയും ഉൾപ്പെടുത്തി (2015 ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് സെക്ഷൻ 9(3) പ്രകാരം) തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിൽ പുനസംഘടിപ്പിച്ചിട്ടുണ്ട്.

2000-ലെ കേരള സ്പോർട്സ് ആക്ടിലെ സെക്ഷൻ 37(1) പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് ലഭിക്കുന്നതും വന്നുചേരുന്നതുമായ എല്ലാ തുകകളും നിക്ഷേപിക്കുന്നതിനായി തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ബ്രാഞ്ചിൽ 57037147359 നമ്പരായി ഒരു അക്കൗണ്ടും സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ എന്ന പേരിൽ എസ്.ബി.ടി സ്റ്റാച്യൂ ബ്രാഞ്ചിൽ 67042569107 നമ്പരായി ഒരു പ്രത്യേക അക്കൗണ്ടും തുറന്നിട്ടുണ്ട്. ജില്ല സ്പോർട്സ് കൗൺസിലിന്റെ ക്യാഷ് ബുക്കിലോ വാർഷിക ധനകാര്യ പത്രികയിലെ ഹോസ്റ്റൽ അക്കൗണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഹോസ്റ്റൽ അക്കൗണ്ടിനായി പ്രത്യേകം ക്യാഷ് ബുക്കും ബാങ്ക് പാസ്സ്ബുക്കുമാണുള്ളത്. വാർഷിക ധനകാര്യ പത്രികയും ഇതിനുമാത്രമായി തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത അപാകത 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഖ1.1-ൽ പരാമർശിച്ചിരുന്നെങ്കിലും ആയത് നിലവിലും പരിഹരിച്ചിട്ടില്ല.

## 1-2 ബജറ്റ്

2000ലെ കേരള സ്പോർട്സ് ആക്ട് വകുപ്പ് 38(1) പ്രകാരം എല്ലാ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകളും, മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകളും, ൗൺ സ്പോർട്സ് കൗൺസിലുകളും, ബ്ലോക്ക് സ്പോർട്സ് കൗൺസിലുകളും,വിലേജ് സ്പോർട്സ് കൗൺസിലുകളും ഓരോ വർഷവും തയ്യാറാക്കുന്ന ബജറ്റുകൾ പരിഗണിച്ച് സെക്ഷൻ 38(2) സബ്സെക്ഷൻ(1) പ്രകാരം ജില്ല സ്പോർട്സ് കൗൺസിലുകൾ ബജറ്റ് തയ്യാറാക്കി സംസ്ഥാന സ്പോർട്സ് കൗൺസിലിനു സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 കാലയളവിൽ ബജറ്റ് തയ്യാറാക്കി സംസ്ഥാന സ്പോർട്സ് കൗൺസിലിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. ബജറ്റ് വകയിരുത്തൽ ഇല്ലാതെയാണ് എല്ലാ ചെലവുകളും നടത്തിയിരിക്കുന്നത്. പ്രസ്തുത വിഷയം മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും കൗൺസിൽ ബജറ്റ് തയ്യാറാക്കി അംഗീകാരം തേടിയതിനും ബജറ്റനുസൃതമായി ചെലവ് ചെയ്യുന്നതിനും ഭരണസമിതി ശ്രദ്ധ ചെലുത്തിയിട്ടില്ല. യഥാസമയം ബജറ്റ് തയ്യാറാക്കുന്നതിനും ആയതിനനുസൃതമായി ചെലവു ചെയ്യുന്നതിനും ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-3 കണക്കുകളുടെ പരിപാലനം

ക്യാഷ്ബുക്ക് TR-7Aമാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 31-7-17 നു ശേഷം ക്യാഷ് ബുക്ക് എഴുതിയിട്ടില്ല. പല ദിവസങ്ങളിലും വരവ് കണക്കുകൾ ക്യാഷ് ബുക്ക് എഴുതിയിട്ടില്ല. മാസാന്ത്യ, വർഷാന്ത്യ ക്ലോസിംഗ് നടത്തി പാസ്സ്ബുക്കുമായി റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ചെലവ് വൗച്ചറുകൾ നിർദ്ദിഷ്ട (TR 61)മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. ചെലവ് രേഖകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ ക്യാൻസൽ ചെയ്യാതെയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ക്യാഷ് ബുക്കിൽ ചെക്കുകൾ അവയുടെ നമ്പർ ക്രമത്തിൽ രേഖപ്പെടുത്തുന്നതിനു പകരം ചെലവ് നടക്കുന്ന ക്രമത്തിലാണ് രേഖപ്പെടുത്തുന്നത്.

## 1-4 മിനിട്ട്സ്

12.02.2016 നു ശേഷം 31.10.2017 നു മാത്രമാണ് കമ്മിറ്റി കൂടിയിരിക്കുന്നത്. നാളിതുവരെ സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വയ്ക്കുകയോ തീരുമാനം കൈകൊളുകയോ ചെയ്തിട്ടില്ല. മുൻ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയ ഭൂരിഭാഗം അപാകതകളും നിലവിലും തുടരുന്നുണ്ട്.

## 1-5 അക്കൗണ്ടുകൾ യഥാസമയം ഓഡിറ്റിനു സമർപ്പിച്ചില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1) പ്രകാരം, ഓഡിറ്റ് സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി, ആ സാമ്പത്തിക വർഷം അവസാനിച്ച്, നാലു മാസത്തിനകം ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്. എന്നാൽ, 2017-18 വർഷത്തെ അക്കൗണ്ടുകൾ 10-6-2020 ലാണ് സമർപ്പിച്ചത്. ഭാവിയിൽ യഥാസമയം അക്കൗണ്ടുകൾ ഓഡിറ്റിനു സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ടൂറിസം വകുപ്പ്, ഡയറക്ടേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് എന്നീ ഏജൻസികളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ഗ്രാന്റുകൾ ജില്ലാ സ്പോർട്സ് കൗൺസിലിന് ലഭിച്ചു വരുന്നു. എന്നാൽ ഈയിനത്തിൽ ലഭിക്കുന്ന ഗ്രാന്റിനങ്ങളുടെ വരവ്-ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട ഗ്രാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ജില്ലാ സ്പോർട്സ് കൗൺസിലിന് ലഭിക്കുന്ന എല്ലാ ഗ്രാന്റുകളുടെയും വിവരങ്ങൾ ഗ്രാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ ഗ്രാന്റും അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നമ്പർ, തുക, അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി എന്നിവ ഗ്രാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതോടൊപ്പം ഓരോ ഗ്രാന്റിനത്തിൽ നിന്നുള്ള ആകെ ചെലവും നീക്കിയിരിപ്പുമുണ്ടെങ്കിൽ അതിന്റെ വിവരവും ഗ്രാന്റ് രജിസ്റ്ററിൽ എഴുതേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.2017-18 സാമ്പത്തിക വർഷം ലഭിച്ച ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം-11/2020 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. പ്രസ്തുത അപാകത സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നു വെങ്കിലും പ്രസ്തുത അപാകം നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. ഗ്രാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 2-2 നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല

ഒരു സ്ഥാപനത്തിലെ എല്ലാ വരവു ചെലവു കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം.7A മാതൃകയിലായിരിക്കണമെന്നും ധനം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇതു പരിപാലിക്കണമെന്നും കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(i) നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിച്ചിട്ടില്ല. 31.07.2017-നു ശേഷം യാതൊരുവിധ രേഖപ്പെടുത്തലുകളും ക്യാഷ്ബുക്കിൽ വരുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് 24.09.2020 ൽ 08 നമ്പർ, ക്രമ നം. III പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ വിശദീകരണമോ ലഭ്യമാക്കിയിട്ടില്ല. ഓരോ വർഷവും ലക്ഷക്കണക്കിനു രൂപയുടെ ഇടപാടുകൾ (transactions) നടത്തുന്ന സ്ഥാപനമായിട്ടും നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല എന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി കണക്കാക്കുന്നു. ആയതിനാൽ നിഷ്കർഷിക്കപ്പെട്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുവാൻ ഭരണസമിതി വ്യക്തമായ നിർദ്ദേശം നൽകേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കളക്ഷൻ രജിസ്റ്ററിൽ രസീത് നമ്പർ, തീയതി, തുക, തുക സ്വീകരിച്ചതിന്റെ ഉദ്ദേശ്യം, തുക നൽകിയ വ്യക്തിയുടെ പേര് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പരിപാലിക്കേണ്ടതാണെങ്കിലും ഇപ്രകാരമൊരു രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിച്ചിട്ടില്ല.

2) രസീതുകൾ റദ്ദുചെയ്യുന്നത് ക്രമപ്രകാരമല്ല.

രസീതുകളിൽ 'ക്യാൻസൽഡ്' എന്നെഴുതി റദ്ദുചെയ്യുന്ന രീതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇങ്ങനെയുള്ള റദ്ദുചെയ്യൽ ക്രമപ്രകാരമുള്ളതല്ല. രസീതുകൾ റദ്ദുചെയ്യേണ്ട സാഹചര്യം വരുമ്പോൾ ആയതിനുള്ള കാരണം രേഖപ്പെടുത്തി റദ്ദുചെയ്യേണ്ടതും മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ റദ്ദാക്കിയ രസീതിന്റെ ഡ്യൂപ്ലിക്കേറ്റിനൊപ്പം ഒറിജിനലും സൂക്ഷിക്കേണ്ടതാണ്.

3) രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ല.

പണം സ്വീകരിക്കുന്നതിനുപയോഗിച്ച രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ലാത്തതിനാൽ ഇതിന് ആധികാരികതയില്ല. കൂടാതെ വ്യാജ രസീത് ഉപയോഗിക്കുന്നതിനുള്ള സാധ്യതയ്ക്കും കാരണമാകാവുന്നതാണ്. ആയതിനാൽ എല്ലാ രസീതുകളിലും ഓഫീസ് മുദ്ര പതിച്ച് ആധികാരികമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 24.09.2020 തീയതിയിൽ 08 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ "ഭാവിയിൽ അപാകത പരിഹരിക്കുന്നതാണ്" എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത വിശദീകരണം പരിഗണനാർഹമല്ല. രസീതുകളുടെ അക്കൗണ്ടിംഗ് ക്രമപ്രകാരം നടത്തേണ്ടതും കൃത്യമായ ഇടവേളകളിൽ മേൽ പരിശോധന നടത്തേണ്ടതുമാണ്.

## 2-4 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ - ഗ്രാന്റ് വരവ് സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 സാമ്പത്തിക വർഷം 15464415/- രൂപയുടെ ഗ്രാന്റ് വിവിധ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും ഗ്രാന്റ് ലഭ്യമാക്കിയത് സംബന്ധിച്ച ഉത്തരവുകൾ/രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമായ മുഴുവൻ ഗ്രാന്റിന്റെയും കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

# <u>ഭാഗം -3</u>

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡേ ബോഡിംഗ് സ്കീം-തുക സ്കൂൾ മാനേജരുടെ പേരിൽ നൽകിയതു ചട്ടവിരുദ്ധം

ഡേ ബോഡിംഗ് സ്കീമിൽ ഉൾപ്പെടുത്തി, കാഞ്ഞിരംകുളം P.K.സത്യനേശൻ ഹയർസെക്കണ്ടറി സ്കൂളിന് ചെക്ക് നം.935194 തീയതി 16-1-17 ചെക്ക്നം 188805 തീയതി 2-2-17എന്നിവ പ്രകാരം, യഥാക്രമം 39975/-രൂ, 18805/-രൂപ എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്. എന്നാൽ ടി തുക നൽകിയിട്ടുള്ളത് സ്കൂൾ മാനേജരുടെ പേരിലാണ്. ടിയാരി സ്വന്തം ലെറ്റർഹെഡിലാണ് ടി തുകയ്ക്ക് കൈപ്പറ്റ രസീതു നൽകിയിട്ടുള്ളത്. അക്കാദമിക കാര്യങ്ങൾക്ക നൽകുന്ന ധനസഹായ തുക ഡ്രോയിംഗ് ഓഫീസറായ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽപേർക്ക് നൽകുന്നതിനു പകരം, മാനേജർ പേർക്ക് നൽകിയതു ചട്ടവിരുദ്ധമാണ്. ആയതു ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 അനുബന്ധ രേഖകൾ ഹാജരാക്കിയില്ല - തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

താഴെപറയുന്ന ചെലവു തുകകൾ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ 278045/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമനം | ചെക്ക്നം.തീയതി | തുക(രൂ) | ചെലവിനം | ചെലവുതടസ്സപ്പെടുത്താൻ കാരണം. |
|---|---|---|---|---|
| 1. | 827929/12-7-17 | 96000 | തുണ്ടത്തിൽ ഹോസ്റ്റലിനു അടുക്കള സാമഗ്രികൾ വാങ്ങിയത്. | വൗച്ചർ, രസീത്, ഇൻവോയ്സ്, ക്വട്ടേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 827941/25-7-17 | 5900 | നന്ദിയോട് ഹോസ്റ്റലിനു അടുക്കള സാമഗ്രികൾ വാങ്ങിയത് | വൗച്ചർ, രസീത്, ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. |
| 3 | 827916/31-5-17 | 10875 | നന്ദിയോട് സ്വിമ്മിംങ് പൂൾ ചെലവ് | ചെലവു വിശദാംശം ലഭ്യമല്ല. |
| 4. | 163143/13-11-17 | 8320 | അലമാര വാങ്ങിയത് | വൗച്ചർ, രസീത്, ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. |
| 5. | 163184/9-2-18 | 36200 | ആറ്റിങ്ങൽഹോസ്റ്റലിന് മോട്ടോർ വാങ്ങിയത്. | വൗച്ചർ, രസീത്, ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. |
| 6 | 163181/7-2-18 | 5750 | വെള്ളായണി ഹോസ്റ്റലിന് ജ്യൂസർ | വൗച്ചർ, രസീത്, ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. |
| 7 | 163202/13-3-18 | 65000 | ഫോട്ടോകോപ്പിയർ വാങ്ങിയത് | വൗച്ചർ, രസീത്, ഇൻവോയ്സ്, ക്വട്ടേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 8 | 163211/26-3-18 | 50000 | ശ്രീപാദം സ്റ്റേഡിയം ബോക്സിംങ് റിംങ് | വൗച്ചർ, രസീത്, ഇൻവോയ്സ്, ക്വട്ടേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 278045/- | | |

രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-3 രേഖകൾ ഹാജരാക്കിയില്ല; ചെലവു തുക തടസ്സപ്പെടുത്തുന്നു

ചെലവു രേഖകളുടെ പരിശോധനയിൽ 2017-18 സാമ്പത്തിക വർഷം ഫോട്ടോകോപ്പിയർ, ഷെൽഫ് എന്നിവ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 65000/- രൂപ ചെലവഴിച്ച് ഫോട്ടോകോപ്പിയറും 8320/- രൂപ ചെലവഴിച്ച് ഷെൽഫും വാങ്ങിയിട്ടുണ്ട്. ഇവയുടെ വാങ്ങലുകളുമായി ബന്ധപ്പെട്ട ഫയലുകളോ അനുബന്ധ രേഖകളോ സ്റ്റോക്കിലെടുത്ത രേഖകളോ ഓഡിറ്റിനു ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ വാങ്ങലുകൾ സംബന്ധിച്ച ക്വട്ടേഷൻ/ടെൻറർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ചെലവു തുകയ്ക്കോ വാങ്ങലിനോ കൗൺസിലിന്റെ അംഗീകാരവും ലഭിച്ചിട്ടില്ല. മിനിട്ട്സ് ബുക്കിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല.

ഇതു സംബന്ധിച്ച രേഖകളും ഫയലുകളും 24.09.2020 ലെ 08 നമ്പർ ഓഡിറ്റ് എൻക്വയറി ക്രമ നം. IV പ്രകാരം ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ലഭ്യമാക്കുകയോ ആയതിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ വാങ്ങലുകൾക്കുവേണ്ടി വിനിയോഗിച്ച 73320/- (65000+8320) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-4 (a) മുറിച്ച് മാറ്റിയ മരം ലേലം ചെയ്തിട്ടില്ല

ചെക്ക്നം, 163163 dtd,16-118 പ്രകാരം,ജി.വിത്സൻഎന്നയാൾക്ക് ഓഫീസ് വളപ്പിലെ മഹാഗണി മരത്തിന്റെ മരച്ചില്ല മുറിച്ചു മാറ്റാൻ 29500/- രൂപ നല്കിയിട്ടുണ്ട്. ടി മരത്തിന്റെ ലേലം മാർച്ച് മാസത്തിനകം പൂർത്തിയാക്കണമെന്ന് 28/2/18 ലെ കമ്മിറ്റി മിനിട്സിൽ പറഞ്ഞിരിക്കുന്നു. എന്നാൽ നാളിതു വരെ ലേലം നടന്നിട്ടില്ല. വനം വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങാതെയാണ് മരച്ചില്ല മുറിച്ചു മാറ്റിയത്. മരം അളവെടുത്ത് സ്റ്റോക്കിൽ ചേർത്തതായി കാണുന്നില്ല. ലേലനടപടികൾ എത്രയും വേഗം പൂർത്തിയാക്കാണ്ടതാണ്.

### 3-4 (b) മരം മുറിക്കൽ; നടപടിക്രമങ്ങൾ പാലിച്ചില്ല.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ മരം മുറിച്ചതിന് 8500/-രൂപ (ചെക്ക് നം. 163136, തീയതി: 30.10.2017) ചെലവഴിച്ചിട്ടുണ്ട്. മരം മുറിച്ചതുമായി ബന്ധപ്പെട്ട രേഖകളോ ഫയലുകളോ പരിശോധനയ്ക്കു ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ സ്വന്തം ചെലവിൽ മരം മുറിച്ചു മാറ്റിയതിന്റെ ആവശ്യകത, മരത്തിന്റെ ഇനം, എണ്ണം, അളവ്, വിലനിർണ്ണയം, വനം വകുപ്പിൽ നിന്നുള്ള അനുമതി വാങ്ങൽ, ലേല നടപടികൾ, നികുതി ഒടുക്ക്,മുറിച്ച തടിയുടെ നിലവിലെ അവസ്ഥ തുടങ്ങിയ വിവരങ്ങളൊന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിൽപ്പനയിലൂടെ ലഭിക്കേണ്ട വരുമാനം ലഭിച്ചതായി അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ മരം മുറിക്കൽ വഴി വരുമാന നഷ്ടവും കൂടി ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച രേഖകളും ഫയലുകളും 24.09.2020 ലെ 08 നമ്പർ ഓഡിറ്റ് എൻക്വയറി ക്രമ നം. II, 28.09.2020 ലെ 10 നമ്പർ ഓഡിറ്റ് എൻക്വയറി എന്നിവ പ്രകാരം ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഈ എൻക്വയറികൾക്കു ലഭ്യമാക്കിയ മറുപടിയിൽ ഹോസ്റ്റൽ കെട്ടിടത്തിനു മുകളിൽ അപകടകരമായി നിന്നിരുന്ന പാഴ്മരമാണ് മുറിച്ചുമാറ്റിയതെന്നും പാഴ്മരമായതിനാൽ ലേലം ചെയ്തിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

### 3-5 കോഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

ഹോസ്റ്റൽ പ്രവേശനം ലഭിച്ച വിദ്യാത്ഥികളിൽ നിന്നും 2017-18 സാമ്പത്തിക വർഷം കോഷൻ ഡിപ്പോസിറ്റ് ഇനത്തിൽ

75000/-രൂപയുടെ വരവ് ലഭിച്ചതായി സ്ഥാപനം നൽകിയ വാർഷിക കണക്കുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. 1000/-രൂപ നിരക്കിലാണ് കോഷൻ ഡിപ്പോസിറ്റ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷം 25000/-രൂപയുടെ കോഷൻ ഡിപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കോഷൻ ഡിപ്പോസിറ്റ് തിരികെ നൽകിയതിലെ കൃത്യത, കാര്യക്ഷമത, നീക്കിയിരിപ്പ് തുടങ്ങിയ വിവരങ്ങളൊന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ധനപരമായ കാര്യമായതിനാൽ ഇതിനു കൃത്യമായ രേഖകളും കണക്കുകളും സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം സാമ്പത്തിക ക്രമക്കേടിനും തിരിമറിക്കും കാരണമായേക്കാം.

കോഷൻ ഡിപ്പോസിറ്റ് തിരികെ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ 25.09.2020ലെ ഓഡിറ്റ് എൻക്വയറി നം. 09 ക്രമ നം.III പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഇതു സംബന്ധിച്ച യാതൊരു രേഖകളോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. കോഷൻ ഡിപ്പോസിറ്റ് വിതരണവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും നിശ്ചയമായും തയ്യാറാക്കി സൂക്ഷിക്കേണ്ടത് സ്ഥാപനത്തിന്റെ കടമയും സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗവുമാണ്. ഇതിന് ഭരണതലത്തിൽ നിന്നുള്ള അടിയന്തര ശ്രദ്ധ അനിവാര്യമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഗ്രാന്റുകളുടെ വിവരം

2017-18 (ജില്ലാ സ്പോർട്സ് കൗൺസിൽ ആന്റ് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ)

| | | |
|---|---|---|
| 1 | കേരള സ്പോർട്സ് കൗൺസിലിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ | 2994512 |
| 2 | ഡയറക്ടേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സിൽ നിന്നുള്ള ഗ്രാന്റുകൾ | 272432 |
| 3 | കേരള സ്പോർട്സ് കൗൺസിലിൽ നിന്നും സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിന് ലഭിച്ച ധനസഹായം | 15464415 |
| | ആകെ | 18731359 |

### 4-2 സാമ്പത്തിക നില

ക്യാഷ് ബുക്ക് എഴുതി തയ്യാറാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കുകളെ ആസ്പദമാക്കിയാണ് സാമ്പത്തിക നില തയ്യാറായിരിക്കുന്നത്.

എ) സ്പോർട്സ് കൗൺസിൽ 2017-18

മുന്നിരിപ്പ് - 744553.94

വരവ് - 4104899.00

ആകെ - 4849452.94

ചെലവ് - 4021698.69

നീക്കിയിരിപ്പ് - 827754.25

<u>(ബി) സ്പോർട്സ് ഹോസ്റ്റൽ</u>

മുന്നിരിപ്പ് - 340503.00

വരവ് - 1555737.00

ആകെ - 15897874.00

ചെലവ് - 15492571.50

നീക്കിയിരിപ്പ് - 405302.50

<u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

1. സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഹോസ്റ്റൽ അക്കൗണ്ടുകളിലെ ക്യാഷ് ബുക്ക് തയ്യാറാക്കിയിട്ടില്ല. അതിനാൽ ഹാജരാക്കിയ വാർഷിക കണക്കുകളെ ആസ്പദമാക്കിയാണ് സാമ്പത്തിക നില തയ്യാറായിരിക്കുന്നത്.

2. 2017-18 വർഷത്തെ വരവ് ചെലവ് പത്രികയിലെ ആകെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അക്കൗണ്ട്സ് പ്രകാരം തൻവർഷത്തെ മുന്നിരിപ്പും വരവും ചേർന്ന തുക 4849452.94/- രൂപയാണ്. തൻവർഷത്തെ ചെലവും നീക്കിയിരുപ്പുമുൾപ്പെടെയുള്ള ആകെ തുക 4857452.94/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-3 ഓഡിറ്റ് ചാർജ്

| | |
|---|---|
| ആകെ വരവ് | 41,04,899 |
| കുറയ്ക്കുക | |
| കേരള സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ധനസഹായം | 29,94,512 |
| ഡയറക്ടേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സിൽ നിന്നുള്ള ഗ്രാന്റുകൾ | 2,72,432 |
| മറ്റ് ഗ്രാന്റുകൾ | 84,000 |
| ഓഖി | 88,120 |
| മുൻകൂറുകൾ | 2,549 |
| ആകെ | |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | 6,63,286 |
| ഓഡിറ്റ് ചാർജ് (1%) | 6,633 |

<u>ഓഡിറ്റ് ചാർജ് കുടിശ്ശിക.</u>

| | |
|---|---|
| മുന്നിരിപ്പ് | 3281 |
| 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട് | 6633 |

| | |
|---|---|
| ആകെ | 9814 |
| 2017-18 ൽ ഒടുക്കിയത് | ഇല്ല |
| 31.03.2018-ൽ ഒടുക്കാൻ ബാക്കി | 9914 |

ഒടുക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| 2014-15 | 1004 |
| 2015-16 | 813 |
| 2016-17 | 14645 |
| 2017-18 | 6633 |
| ആകെ | 9914 |

31.03.2018 വരെ ഓഡിറ്റ് ചാർജ്ജിനത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ട 9914/- രൂപ 0070-60-110-99-Audit Charge എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി, ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് പരിശോധനയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

തിരുവനന്തപുരം ജില്ല സ്പോർട്സ് കൗൺസിലിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വരവ് ചെലവ് കണക്കുകൾ പരിശോധനാ വിധേയമാക്കി. ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.2 ൽ ചൂണ്ടിക്കാണിച്ച പ്രകാരം ക്യാഷ് ബുക്കിൽ വരവു ചെലവു കാര്യങ്ങൾ രേഖപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കിയതിനാൽ വാർഷിക ധനകാര്യ പത്രികകൾ പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ സാമ്പത്തിക സ്ഥിതിയെ ശരിയായ രീതിയിൽ പ്രതിഫലിപ്പിക്കുന്നില്ല.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം - 1

## (A) RECEIPTS AND PAYMENTS ACCOUNT

## DISTRICT SPORTS COUNCIL, TRIVANDRUM

## RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31.03.2018

| Receipts | Rs.Ps. | Rs.Ps. | Payments | Rs.Ps. | Rs.Ps. |
|---|---|---|---|---|---|
| Opening Balance | | | Annual Grant | | 90000 |
| Cash in hand | 3721.50 | | Boarding,lodging, washing Allowances | | 786016 |
| Cash at Bank | 740832.44 | 744553.94 | Day boarding scheme | | 896075 |
| Grant received from kerala sports council for | | 2994512 | Nanniyode swimming pool expences | | 214514 |
| Grand from directorate of sports and youth affairs | | 272432 | Grant refunded to Kerala sports council | | 487301.55 |
| May day sports (Donation) | | 84000 | FIFA U-17 world cup 2017 | | 402758 |
| May day sports (entry fee) | | 18000 | Centralised sports Hostal expences | | 162548 |
| Income from Nanniyode swimming pool | | 562350 | Civil services tournaments2015 | | 334353 |
| Income from Sreepadam stadium, Attingal | | 36645 | Mayday sports | | 88451 |
| Interest received from bank | | 31485 | Sreepadam stadium expences | | 8500 |
| Rent and Hire charges income from Rope for Tug of war | | 5400 | Summer coaching Camp 2017 | | 53250 |
| Ockhi duridaswasa Nidhi collection | | 88120 | PTA to President | | 48000 |
| Prize money ofsummer coaching camp cheque expired | | 8500 | TA/ DA paid | | 2500 |
| To Caution Deposits received | | 1000 | Ockhi duridaswasa Nidhi paid to KSSC | | 88120 |
| Advance | | 1549 | Khelo india Competions 2017 | | 3000 |
| RTI | | 906 | RGKA Tournaments 2014-15 | | 11748 |
| | | | Administrative expences | | 186445.69 |
| | | | Fixed Assets Purchase | | 73320 |
| | | | Grant refunded to kerala sports counci | | 77749.45 |
| | | | Advance refunded | | 5049 |
| | | | Caution Deposit paid | | 2000 |
| | | | Closing Balance | 2445.50 | 827754.25 |
| | | | [illegible] | [illegible] | |

| | | | | | |
|---|---|---|---|---|---|
| | | | Cash in hand | 825208.75 | |
| | | | Cash at Bank | | |
| Total | | 4849452.94 | Total | | 4849452.94 |

Joint Director,

Kerala State Audit Department,
District Audit Office, Thiruvananthapuram.

## അനുബന്ധം 1 (B) RECEIPTS AND PAYMENT ACCOUNT

## CENTRALISED SPORTS HOSTELS

## RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31.03.2018

| Receipts | Rs.Ps. | Rs.Ps. | Payments | Rs.Ps. | Rs.Ps. |
|---|---|---|---|---|---|
| Opening Balance | | | Paid for boarding, Lodging,Washing Allowances, Remuneration to security,Mess Staff etc | | 15464415 |
| Cash in hand | 0 | | Audit fee | | 2360 |
| Cash at Bank | 340503 | 340503 | Bank charges | | 796.50 |
| Grant received from kerala sports council | | 15464415 | Caution Deposit Refund | | 25000 |
| Caution Deposit | | 75000 | Closing balance | | |
| Bank interest | | 17956 | Cash in hand | 0 | |
| | | | Bank | 405302.50 | 405302.50 |
| Total | | 15897874 | Total | | 15897874 |

Joint Director,

Kerala State Audit Department,
District Audit Office, Thiruvananthapuram.